(ബി) ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വെക്കാമോ?

(സി) ഈ പ്ലാൻപ്രകാരം ഈ കൊല്ലം ചെയ്യേണ്ട പണികൾ,തീർത്തിട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: (എ) ഇല്ല. ഒരു construction programme മാത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) Construction programme ന്റെ പ്രതി അനുബന്ധമായി ചേർത്തിട്ടുണ്ട്. (Appendix IX.)

(സി) പ്രോഗ്രാമിൽ ഓരോ കൊല്ലവും തീർക്കേണ്ട ജോലിയല്ല കാണിച്ചിരിക്കുന്നത് ഓരോ ജോലിക്കും വേണ്ടിവരുന്ന കൊല്ലങ്ങളാണ്. അതുകൊണ്ട് ഉത്തരം ആവശ്യമില്ല.

Mr. N. R. KUNJAN—SUSPENSION OF

439. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടിപറയുമോ.—

(എ) മുളന്തുരുത്തി സബ്ഡിപ്പോ കീപ്പറായിരുന്ന എൻ. ആർ. കുഞ്ഞനെ എത്ര കാലത്തേക്കാണ ഗവണ്മെണ്ട സസ്പെൻഡ ചെയ്തിരുന്നത്;

(ബി) അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെട്ടിരുന്ന കുറ്റങ്ങൾ എന്തെല്ലാം;

(സി) ഈ കുറ്റങ്ങളെ സംബന്ധിച്ച നടത്തിയ അന്വേഷണങ്ങളുടെ ഫലമെന്ത്;

(ഡി) മിസ്റ്റർ കുഞ്ഞന്റെ സസ്പെൻഷനെ സംബന്ധിച്ചുള്ള എല്ലാ രേഖകളും ഗവണ്മെണ്ട കൌൺസിൽ മേശപ്പുറത്തു വെക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: (എ) ൧൯൨൯ മേടം ൨൰ാം൯ മുതൽ ൧൯൨൯ മിഥുനം ൧൦-ാം൯ വരെ.

(ബി) മിസ്റ്റർ കുഞ്ഞന്റെ മേൽ ആരോപിച്ചിരുന്ന കുറ്റങ്ങൾ താഴെ പറയുന്നവയാണ്.

൧. മറ്റ ഡിപ്പോകളിൽനിന്നു വള്ളത്തിൽ കയറ്റികൊണ്ടുവരുന്ന അരിയും പഞ്ചസാരയും അളന്തി കടത്തി തിരുവിതാംകൂറിൽ കച്ചവടം നടത്തുവാൻ പ്രേരിപ്പിച്ചു.

൨. അയാൾ ഡിപ്പോവിൽനിന്ന് അരിയും പഞ്ചസാരയും കരിഞ്ചന്തവ്യാപാരം നടത്തി.

൩. ഡിപ്പോവിൽ ജോലി എടുത്തിരുന്ന കൂലിക്കാർക്ക കൂലിമുഴുവനും കൊടുത്തിരുന്നില്ല.

൪. കൂലിക്കാർക്ക കൂലി പണമായി കൊടുക്കുന്നതിനു പകരം അരി അനധികൃതമായി കൊടുത്തു.

(സി) ആദ്യത്തെ രണ്ടു കുറ്റങ്ങളെ സംബന്ധിച്ചിടത്തോളം മിസ്റ്റർ കുഞ്ഞൻ കുറ്റക്കാരനാണെന്നു സംശയിക്കത്തക്ക കാരണങ്ങളുള്ളതായി തെളിഞ്ഞു. രണ്ടാമത്തെയും മൂന്നാമത്തെയും കുറ്റങ്ങൾക്ക വിശ്വാസയോഗ്യമായ തെളിവ് ഉണ്ടായിരുന്നില്ല. അന്വേഷണഫലമായി ടിയാനെ തന്റെ സ്ഥിരജോലിയിലേക്ക തിരിച്ചെടുത്തു.

(ഡി) രേഖകൾ "കോൺഫിഡൻഷ്യൽ" ആയതുകൊണ്ടു മേശപ്പുറത്തു വെക്കുവാൻ നിവൃത്തിയില്ല.

TECHNOLOGICAL INSTITUTE—CANDIDATES—SELECTION OF

440. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടിപറയുമോ.—

(എ) ടെക്സ്റ്റൈൽ ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഈ കൊല്ലം എത്തെല്ലാം സങ്കേതിക വിദ്യാഭ്യാസത്തിനാണ വിദ്യാർത്ഥികളെ എടുത്തിട്ടുള്ളത്;

(ബി) ഓരോ പഠനത്തിനും ഈ കൊല്ലം അഡ്മിറ്റ ചെയ്തിട്ടുള്ള വിദ്യാർത്ഥികളിൽ ഈഴവർ, ക്രസ്ത്യർ, മുസ്ലീമിങ്ങൾ, സവർണ്ണഹിന്ദുക്കൾ, പുലയർ, അവശരും അധഃകൃതരുമായ മറ്റ ഹിന്ദുക്കൾ ഈ സമുദായങ്ങളിൽ എത്ര വീതമുണ്ട്; ഓരോ ക്ലാസ്സിലും ആകെ എത്ര കുട്ടികളെ എടുത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly